# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4897

24/07/2015-ൽ മറുപടിക്ക്

## അവശ്യ മരുന്നുകളുടെ വില

ചോദ്യം

**ശ്രീ. കെ.അജിത്**

അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും മരുന്ന വില നിയന്ത്രിക്കുന്നതിന് മരുന്ന കമ്പനികളുടെമേൽ എന്തെല്ലാം നിയന്ത്രണാധികാരങ്ങളാണ് സംസ്ഥാന സർക്കാരിനുള്ളതെന്നും വ്യക്തമാക്കുമോ;

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. മരുന്നുകളുടെ വിലനിയന്ത്രണത്തിന് സംസ്ഥാന സർക്കാരിന് അധികാരം ഒന്നും തന്നെയില്ല. പരമാവധി വില നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള മരുന്നുകളുടെ വിൽപ്പന വകുപ്പ് നിരന്തരം പരിശോധിക്കുകയും ഉൽപ്പാദകർ പ്രസ്തുത ഉൽപ്പന്നത്തിന് അമിത വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി മരുന്നുകളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ